## പതിനാലാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2019-2021)

## ഇരുപത്തിയാറാമത് റിപ്പോർട്ട്

(2021 ജനുവരി 12-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ മുപ്പതാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനാലാം കേരള നിയമസഭ

## സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
## (2019-2021)

## ഇരുപത്തിയാറാമത് റിപ്പോർട്ട്

(2021 ജനുവരി 12-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ മുപ്പതാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

137/2021.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I (എസ്. ആർ.ഒ. നമ്പർ 864/2019) | .. | 9 |
| അനുബന്ധം II (എസ്. ആർ.ഒ. നമ്പർ 906/2019) | .. | 17 |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2019-2021)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.

<u>അംഗങ്ങൾ</u> :

ശ്രീ. ജി. എസ്. ജയലാൽ, എം.എൽ.എ.

ശ്രീ. എം. മുകേഷ്, എം.എൽ.എ.

ശ്രീ. കെ. ഡി. പ്രസേനൻ, എം.എൽ.എ.

ശ്രീമതി യു. പ്രതിഭ, എം.എൽ.എ.

ശ്രീ. റോജി എം. ജോൺ, എം.എൽ.എ.

ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ.

ശ്രീ. ഷാഫി പറമ്പിൽ, എം.എൽ.എ.

ശ്രീ. എ. എൻ. ഷംസീർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി ജയശ്രീ എം., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2019-2021)-യുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ ഇരുപത്തിയാറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ മുപ്പതാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2014-2016)-യുടെ മുപ്പതാമത് റിപ്പോർട്ട് 2015 ഡിസംബർ 15-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സർക്കാർ മറുപടി 28-10-2020-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2020 ഡിസംബർ 22-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

മുരളി പെരുനെല്ലി,

*അദ്ധ്യക്ഷൻ,*

*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2021 ജനുവരി 12.

# റിപ്പോർട്ട്

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2014-2016)-യുടെ മുപ്പതാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

## അദ്ധ്യായം I

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2014-2016)-യുടെ മുപ്പതാമത് റിപ്പോർട്ട് 2015 ഡിസംബർ 15-ാം തീയതി സഭയിൽ സമർപ്പിച്ചു. കേരള സംസ്ഥാനത്തെ ചെറുകിട തോട്ടം തൊഴിലാളികളുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങൾക്കുമായി വ്യവസ്ഥ ചെയ്തു കൊണ്ടുള്ള 2008-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ആക്റ്റിൻ (2008-ലെ 17-ാം ആക്റ്റ്) കീഴിൽ പുറപ്പെടുവിച്ച 186/2009, 409/2009, 470/2009, 471/2009, 1012/2009, 469/2010, 568/2010, 434/2011, 200/2012 എന്നീ നമ്പർ എസ്.ആർ.ഒ.കൾ 16-10-2012, 12-8-2015 എന്നീ തീയതികളിൽ ചേർന്ന സമിതി യോഗങ്ങളിൽ സൂക്ഷ്മപരിശോധന നടത്തുകയും തൊഴിലും നൈപുണ്യവും, നിയമം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തുകയും ചെയ്തു. പ്രസ്തുത എസ്.ആർ.ഒ.കളുടെ വിശദമായ പരിശോധനയിലൂടെയും തെളിവെടുപ്പിലൂടെയും സമിതിക്ക് ബോദ്ധ്യപ്പെട്ട വസ്തുതകളാണ് സമിതിയുടെ നിഗമനങ്ങളും ശിപാർശകളുമായി മുപ്പതാമത് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നത്.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ തൊഴിലും നൈപുണ്യവും (ഇ) വകുപ്പിൽ നിന്നും ലഭിച്ച 10-12-2019-ലെ E2/81/2017-LBRD നമ്പർ കത്ത് മുഖേനയുള്ള നടപടി പത്രിക 2020 ഒക്ടോബർ 28-ാം തീയതിയിലെ യോഗത്തിൽ സമിതി പരിഗണിക്കുകയും ശിപാർശ ഖണ്ഡിക 3 മുതൽ 28 വരെയുള്ളവയിൽ 4-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി ഒഴികെയുള്ളവ അംഗീകരിക്കുകയും ചെയ്തു.

## അദ്ധ്യായം II

**സമിതി (2014-2016)-യുടെ മുപ്പതാമത് റിപ്പോർട്ടിലെ ശിപാർശകൾ, സർക്കാർ മറുപടി എന്നിവ**

### എസ്.ആർ.ഒ. നമ്പർ 186/2009

ജി.ഒ. (പി.) നമ്പർ 25/2009/തൊഴിൽ, തീയതി 25-2-2009

#### ശിപാർശ (ഖണ്ഡിക 3)

ഖണ്ഡിക 15(3) പ്രകാരമുള്ള ഉത്തരവിനെതിരെയുള്ള അപ്പീൽ അപേക്ഷ (ഖണ്ഡിക 16 പ്രകാരം) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ 30 ദിവസത്തിനകം തീർപ്പു കൽപ്പിക്കേണ്ടതാണെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഉത്തരവ്

ബോർഡ് സ്വമേധയായോ ബന്ധപ്പെട്ടവരുടെ ഹർജിയുടെ അടിസ്ഥാനത്തിലോ പുനഃപരിശോധിക്കുന്നപക്ഷം ആയത് സംബന്ധിച്ച തീരുമാനം തൊട്ടടുത്ത ബോർഡ് യോഗത്തിൽ തന്നെ എടുക്കണമെന്നുള്ള വ്യവസ്ഥ ഖണ്ഡിക 16-ൽ ഉൾപ്പെടുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 5)

ഒരു അപേക്ഷയിൽ തന്നെ ഒന്നിലധികം ഭേദഗതികൾ വരുത്താവുന്നതാണെന്നതിനാൽ ഫാറം നമ്പർ മൂന്നിന്റെ തലക്കെട്ടിലും, ഫാറത്തിലെ ക്രമനമ്പർ 8-ലും 'ഭേദഗതി' എന്നുള്ളത് 'ഭേദഗതികൾ' എന്ന് തിരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 7)

ഖണ്ഡിക 17-ന്റെ തലക്കെട്ട് 'ചെറുകിട തോട്ടത്തിന്റെ രജിസ്ട്രേഷൻ' എന്നും ഫാറം നമ്പർ 1-ന്റെ തലക്കെട്ട് "ചെറുകിട തോട്ടം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ" എന്നും തിരുത്തൽ വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 8)

ഫാറം നമ്പർ 3-ന്റെ തലക്കെട്ട് "ചെറുകിട തോട്ടത്തിന്റെ/ചെറുകിട തോട്ടം തൊഴിലുടമയുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ ഭേദഗതി വരുത്തുന്നതിനുള്ള അപേക്ഷ" എന്ന് ഭേദഗതി വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 9)

ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്യുന്നതിന് ഫാറം 1-ൽ 'തൊഴിലുടമയുടെ രജിസ്ട്രേഷനുള്ള അപേക്ഷ' എന്ന് നൽകിയിരിക്കുന്നത് "ചെറുകിട തോട്ടം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ" എന്നും ഫാറം നമ്പർ 2-ന്റെ തലക്കെട്ടായ "തൊഴിലുടമയ്ക്കുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് " എന്നത് "ചെറുകിട തോട്ടത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് " എന്നും തിരുത്തൽ വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 10)

രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനുള്ള അപേക്ഷ അനുവദിച്ചിട്ടുണ്ടോ ഇല്ലയോ എന്നത് അപേക്ഷകനെ രേഖാമൂലം അറിയിക്കുന്നതിനുള്ള വ്യവസ്ഥ കൂടി പദ്ധതിയുടെ ഖണ്ഡിക 18(7)-ൽ ഉൾപ്പെടുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 11)

അദ്ധ്യായം 3, 5 എന്നിവയ്ക്ക് കൂടുതൽ വ്യക്തത ലഭിക്കുന്നതിന് അദ്ധ്യായം 3-ൽ തോട്ടം ഉടമയുടെ രജിസ്ട്രേഷൻ മാത്രമാക്കുകയും തൊഴിലാളികളുടെ ക്ഷേമ നിധിയിലെ അംഗത്വം അദ്ധ്യായം 5-ൽ ഉൾപ്പെടുത്തി പദ്ധതിയിൽ തിരുത്തൽ വരുത്താൻ സമിതി നിർദ്ദേശിക്കുന്നു.

ശിപാർശ (ഖണ്ഡിക 12)

ഖണ്ഡിക 21(2)-ലെ 'അപ്പീൽ കിട്ടി 15 ദിവസത്തിനകം ജില്ലാ ലേബർ ആഫീസർ അപ്പീലിന്മേൽ നടപടി ആരംഭിക്കേണ്ടതാണ്'' എന്ന ഭാഗം ഒഴിവാക്കി പകരം 'അപ്പീൽ കിട്ടി 60 ദിവസത്തിനകം ജില്ലാ ലേബർ ഓഫീസർ തീർപ്പാക്കേണ്ടതാണ്'' എന്ന് തിരുത്തൽ വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 13)

"അപേക്ഷ കിട്ടി 90 ദിവസത്തിനകം അപേക്ഷയിന്മേലുള്ള തീരുമാനം അപേക്ഷകനെ രേഖാമൂലം അറിയിക്കുവാൻ" ഖണ്ഡിക 29(1)-ൽ വ്യവസ്ഥ ചെയ്യണമെന്ന് നിർദ്ദേശിക്കുന്നു.

ശിപാർശ (ഖണ്ഡിക 14)

ഖണ്ഡിക 39(1), 41, 42 എന്നിവ പ്രകാരമുള്ള വിവിധ ആനുകൂല്യങ്ങൾക്കുള്ള അർഹതയ്ക്കായി അംശദായം അടയ്ക്കേണ്ട കാലയളവ് ഏകീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 15)

ഫാറം നമ്പർ 17-ലെ ക്രമനമ്പർ 12(1), 12(2), 12(3) എന്നിവ ഒഴിവാക്കണമെന്നും പകരം ക്രമനമ്പർ 12-ൽ "പ്രസവിച്ച / ഗർഭം അലസൽ സംഭവിച്ച തീയതി" എന്ന് ചേർക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, പദ്ധതിയിലെ ഖണ്ഡിക 39 പ്രകാരം പ്രസവാനുകൂല്യം സ്ത്രീ അംഗങ്ങൾക്ക് മാത്രമായതിനാൽ സത്യപ്രസ്താവനയ്ക്ക് താഴെ ചേർത്തിട്ടുള്ള 'അപേക്ഷകന്റെ ഒപ്പ്/ വിരലടയാളം' എന്നതിനു പകരം 'അപേക്ഷകയുടെ ഒപ്പ്/വിരലടയാളം' എന്നും ഓഫീസ് ഉപയോഗത്തിനുള്ള ഭാഗത്ത് ചേർത്തിരിക്കുന്ന 'അപേക്ഷകന് ' എന്നത് 'അപേക്ഷകയ്ക്ക് ' എന്നും തിരുത്തൽ വരുത്തണമെന്നും നിർദ്ദേശിക്കുന്നു.

ശിപാർശ (ഖണ്ഡിക 16)

ഖണ്ഡിക 49-ന് 2 ഉപഖണ്ഡികകളുണ്ടെങ്കിലും ഖണ്ഡിക 49-ന്റെ (1)-ാം ഉപഖണ്ഡികയ്ക്ക് അക്കം ഇട്ടിട്ടില്ലാത്തതിനാൽ ആയത് (1) എന്ന അക്കമിടണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ശിപാർശ (ഖണ്ഡിക 17)

ക്ഷേമനിധിയിൽ അംഗമായിരിക്കെ മരണമടയുന്ന അംഗത്തിന്റെ ആശ്രിതർക്ക് നൽകുന്ന ധനസഹായം സംബന്ധിച്ച വ്യവസ്ഥകളാണ് ഖണ്ഡിക 43-ൽ പറഞ്ഞിട്ടുള്ളത് എന്നതിനാൽ പ്രസ്തുത ഖണ്ഡികയുടെ തലക്കെട്ടിലും, ഖണ്ഡിക 43(1)-ലും ചേർത്തിട്ടുള്ള 'മരണാനന്തര ധനസഹായം' എന്നത് 'ആശ്രിത ധനസഹായം' എന്ന് തിരുത്തൽ വരുത്താൻ നിർദ്ദേശിക്കുന്നു.

ശിപാർശ (ഖണ്ഡിക 18)

ആശ്രിത ധനസഹായത്തിന് അവകാശപ്പെട്ട വിഭാഗത്തിൽ ഒന്നിൽ കൂടുതൽ പേർ ഉണ്ടെങ്കിൽ അപേക്ഷയോടൊപ്പം മറ്റ് അവകാശികളുടെ സമ്മതപത്രം കൂടി ഹാജരാക്കണമെന്ന വ്യവസ്ഥകൂടി ഖണ്ഡിക 45(3)-ൽ ഉൾപ്പെടുത്താൻ ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 19)

ഖണ്ഡിക 34 (3)-ലെ വ്യവസ്ഥ ഖണ്ഡിക 33 (2) ആയി ചേർക്കാൻ നിർദ്ദേശിക്കുന്നു.

ശിപാർശ (ഖണ്ഡിക 20)

പെൻഷനുള്ള അപേക്ഷ ലഭിച്ചാൽ 90 ദിവസത്തിനകം പെൻഷൻ അനുവദിച്ചുള്ള/ നിരസിച്ചുള്ള ഉത്തരവ് നൽകണമെന്ന് ഖണ്ഡിക 38(2)-ൽ വ്യവസ്ഥ ചെയ്യാവുന്നതാണെന്ന് നിയമ വകുപ്പ് ഉദ്യോഗസ്ഥൻ വിശദീകരിച്ചു. പ്രസ്തുത വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അപ്രകാരം ഭേദഗതി വരുത്താൻ സമിതി നിർദ്ദേശിക്കുന്നു.

ശിപാർശ (ഖണ്ഡിക 21)

വാർഷിക റിപ്പോർട്ട് ജൂലൈ അവസാനത്തിന് മുൻപ് സമർപ്പിക്കേണ്ടതാണെന്നാണ് ആക്ടിലെ 25-ാം വകുപ്പിൽ പറയുന്നതെന്നും ജൂലൈ 31-ാം തീയതിക്കകം സമർപ്പിക്കേണ്ട വാർഷിക റിപ്പോർട്ടിനോടൊപ്പമാണ് ആസ്തി സംബന്ധിച്ച വിവരണം സമർപ്പിക്കേണ്ടത് എന്നതിനാൽ 'മറ്റേതെങ്കിലും തീയതിക്കകമോ' എന്ന ഖണ്ഡിക 50(4)-ൽ ചേർത്തിട്ടുള്ളത് ശരിയല്ലെന്നും അത് മാറ്റേണ്ടതാണെന്നും നിയമ വകുപ്പ് ഉദ്യോഗസ്ഥൻ വിശദീകരിച്ചു. പ്രസ്തുത വിശദീകരണത്തിന്റെ വെളിച്ചത്തിൽ 'മറ്റേതെങ്കിലും തീയതിക്കകമോ' എന്ന വാക്കുകൾ ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

ശിപാർശ (ഖണ്ഡിക 22)

ഖണ്ഡിക 54(1) പ്രകാരം നിധിയുടെ കണക്കുകൾ ഓഡിറ്റ് ചെയ്ത് ന്യൂനതകൾ പരിഹരിച്ച് അത് രേഖപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് സഹിതം ഓഡിറ്റ് റിപ്പോർട്ട് സമിതിക്ക് സമർപ്പിക്കണമെന്ന കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടേയും വില്പനക്കാരുടേയും ക്ഷേമനിധി പദ്ധതിയിലെ (എസ്.ആർ.ഒ. നമ്പർ 984/2009) വ്യവസ്ഥ ഖണ്ഡിക 54(3) ആയി പദ്ധതിയിൽ ഉൾപ്പെടുത്താൻ സമിതി നിർദ്ദേശിക്കുന്നു.

ശിപാർശ (ഖണ്ഡിക 23)

ഒരു തൊഴിലാളി ഒന്നിലധികം തൊഴിലുടമകളുടെ കീഴിൽ പണിയെടുക്കുന്നുവെങ്കിൽ ആര് അംശദായം അടയ്ക്കണമെന്നതിനെ സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനായി ചട്ടങ്ങളിൽ ഭേദഗതി കൊണ്ടുവരാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

3, 5, 7, 8, 9, 10, 11, 12, 13, 14, 15, 16, 17, 18, 19, 20, 21, 22, 23 എന്നീ ഖണ്ഡികകളിലെ ശിപാർശകൾ ഉൾപ്പെടുത്തി 2019 നവംബർ 5-ാം തീയതിയിലെ സ.ഉ. (അച്ചടി)100/2019/ തൊഴിൽ നമ്പർ വിജ്ഞാപനപ്രകാരം തിരുത്തൽ/ഭേദഗതി വരുത്തിയിട്ടുണ്ട് (എസ്.ആർ.ഒ. നമ്പർ 864/2019 - അനുബന്ധം I).

<u>ശിപാർശ (ഖണ്ഡിക 6)</u>

ഫാറം നമ്പർ 3-ന്റെ ക്രമനമ്പർ 6-ലെ "ഭേഗഗതി" എന്ന വാക്ക് "ഭേദഗതി" എന്ന് തിരുത്തൽ വരുത്താൻ സമിതി നിർദ്ദേശിക്കുന്നു.

<u>സ്വീകരിച്ച നടപടി</u>

ഫാറം നമ്പർ 3-ന്റെ ക്രമനമ്പർ 6 'തോട്ടത്തിന്റെ വിസ്തീർണ്ണം' എന്നായതിനാൽ സമിതി നിർദ്ദേശിച്ച പ്രകാരം തിരുത്തൽ വരുത്തിയിട്ടില്ല.

<u>എസ്.ആർ.ഒ. നമ്പർ 409/2009</u>

(ജി.ഒ. (എം.എസ്.) നമ്പർ 64/2009/ തൊഴിൽ, തീയതി 20-5-2009)

<u>ശിപാർശ (ഖണ്ഡിക 25)</u>

പദ്ധതിയിലെ ഖണ്ഡിക 3(2) പ്രകാരം ബോർഡിലെ സർക്കാർ പ്രതിനിധികളിലൊരാൾ സെക്രട്ടേറിയറ്റിലെ തൊഴിലും പുനരധിവാസവും വകുപ്പിൽ നിന്നായിരിക്കേണ്ടതാണെങ്കിലും തൊഴിൽ വകുപ്പിൽ നിന്നുള്ള പ്രതിനിധിയെ ബോർഡിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് കണ്ടെത്തിയ സമിതി ബോർഡ് രൂപീകരിക്കുമ്പോൾ എല്ലാ പ്രതിനിധികളെയും ഉൾപ്പെടുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2019 നവംബർ 18-ാം തീയതിയിലെ സ.ഉ.(അച്ചടി)111/2019/തൊഴിൽ നമ്പർ പ്രകാരം കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ടി വിജ്ഞാപനത്തിൽ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമുള്ള പ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടുണ്ട് (എസ്.ആർ.ഒ. നമ്പർ 906/2019 - അനുബന്ധം II).

എസ്.ആർ.ഒ. നമ്പർ 1012/2009

(ജി.ഒ. (എം.എസ്.) നമ്പർ 159/2009/ തൊഴിൽ, തീയതി 24-11-2009)

ശിപാർശ (ഖണ്ഡിക 26)

ആക്റ്റ് പ്രകാരം ബോർഡിൽ ഉണ്ടായിരിക്കേണ്ട '15' ഡയറക്ടർമാരിൽ '9' പേരുടെ കുറവ് നികത്തിയിട്ടില്ല എന്നത് നിരീക്ഷിച്ച സമിതി ശേഷിക്കുന്ന '9' ഡയറക്ടർമാരെ കൂടി ബോർഡിലേക്ക് നാമനിർദ്ദേശം ചെയ്യേണ്ടതായിരുന്നുവെന്ന് അഭിപ്രായപ്പെടുകയും ഭാവിയിൽ ബോർഡിൽ 15 ഡയറക്ടർമാരെയും ഉൾപ്പെടുത്തണമെന്നും ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2019 നവംബർ 18-ാം തീയതിയിലെ സ.ഉ.(അച്ചടി)111/2019/തൊഴിൽ നമ്പർ പ്രകാരം കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ടി വിജ്ഞാപനത്തിൽ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമുള്ള 15 ഡയറക്ടർമാരെയും ഉൾപ്പെടുത്തിയിട്ടുണ്ട് (എസ്.ആർ.ഒ. നമ്പർ 906/2019 - അനുബന്ധം II).

എസ്.ആർ.ഒ. നമ്പർ 568/2010

(ജി.ഒ. (എം.എസ്.) നമ്പർ 65/2010/ തൊഴിൽ, തീയതി 9-6-2010)

ശിപാർശ (ഖണ്ഡിക 27)

എസ്.ആർ.ഒ. നമ്പർ 409/2009 ആയി പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപന പ്രകാരം രൂപീകരിച്ച കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ സർക്കാർ പ്രതിനിധിയായി നാമനിർദ്ദേശം ചെയ്തിരുന്ന ശ്രീ. എം.എൽ. ടോണി വിൻസന്റിന് പകരം ശ്രീ. എ. അബ്ദുൾ നിസ്സാറിനെ ഉൾപ്പെടുത്തുന്നതിനായി പ്രസിദ്ധപ്പെടുത്തിയ പ്രസ്തുത എസ്.ആർ.ഒ. പരിശോധിച്ച സമിതി 409/2009-ാം നമ്പർ എസ്.ആർ.ഒ. പ്രകാരം രൂപീകരിച്ച ബോർഡിൽ ശ്രീ.എം.എൽ. ടോണി വിൻസന്റിനെ ഉൾപ്പെടുത്തിയിരുന്നില്ലെന്നും, 1012/2009-ാം നമ്പർ എസ്.ആർ.ഒ. മുഖേനയാണ് ടിയാനെ ബോർഡിൽ ഉൾപ്പെടുത്തിയിരുന്നതെന്നും കണ്ടെത്തുകയുണ്ടായി. 1012/2009-ാം നമ്പർ എസ്.ആർ.ഒ. സംബന്ധിച്ച് 568/2010-ാം നമ്പർ എസ്.ആർ.ഒ.-യുടെ വിശദീകരണക്കുറിപ്പിൽ പറയുന്നുണ്ടെങ്കിലും ആയത് സംബന്ധിച്ച് ടി എസ്.ആർ.ഒ.-യുടെ ഓപ്പറേറ്റീവ് പാർട്ടിൽ പറഞ്ഞിട്ടില്ലെന്ന് സമിതി കണ്ടെത്തി. അസൽ എസ്.ആർ.ഒ.-യിൽ വരുത്തുന്ന ഭേദഗതികളെല്ലാം ടി എസ്.ആർ.ഒ.-യുടെ ഭാഗമായി മാറുമെങ്കിലും കൂടുതൽ

വ്യക്തതയും self explanatory ആകുന്നതിനുമായി എസ്.ആർ.ഒ.-യുടെ ഓപ്പറേറ്റീവ് പാർട്ടിൽ എസ്.ആർ.ഒ. നമ്പർ 409/2009 മുഖേന രൂപീകരിച്ച ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ എസ്.ആർ.ഒ. നമ്പർ 1012/2009 ആയി പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനപ്രകാരം സർക്കാർ പ്രതിനിധിയായി നാമനിർദ്ദേശം ചെയ്തിരുന്ന ശ്രീ. എം.എൽ. ടോണി വിൻസന്റിന് പകരം 'ശ്രീ. ..........................................' എന്നാകുന്നതായിരുന്നു ഉചിതമെന്ന് അഭിപ്രായപ്പെട്ട സമിതി ഭാവിയിൽ ഇത്തരത്തിലുള്ള എസ്.ആർ.ഒ.-കൾ പുറപ്പെടുവിക്കുമ്പോൾ ഇപ്രകാരമുള്ള മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തി ആയിരിക്കണം വിജ്ഞാപനം ചെയ്യേണ്ടതെന്ന് നിർദ്ദേശിക്കുന്നു.

### സ്വീകരിച്ച നടപടി

2019 നവംബർ 18-ാം തീയതിയിലെ സ.ഉ.(അച്ചടി)111/2019/തൊഴിൽ നമ്പർ പ്രകാരം കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ഭാവിയിൽ ഭേദഗതി വരുത്തുമ്പോൾ സമിതി നിർദ്ദേശിച്ച പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ് (എസ്.ആർ.ഒ. നമ്പർ 906/2019 - അനുബന്ധം II ).

### എസ്.ആർ.ഒ. നമ്പർ 200/2012

(ജി.ഒ. (എം.എസ്.) നമ്പർ 41/2012/ തൊഴിൽ, തീയതി 21-3-2012)

### ശിപാർശ (ഖണ്ഡിക 28)

എസ്.ആർ.ഒ. നമ്പർ 409/2009 ആയി പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം പ്രകാരം രൂപീകൃതമായ ബോർഡിൽ സർക്കാർ പ്രതിനിധിയായി ഉൾപ്പെടുത്തിയിരുന്ന ശ്രീമതി ഉഷ ഹെലൻവാസിനു പകരം ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറിയായ ശ്രീമതി ബി. പ്രസന്നകുമാരിയെ ഉൾപ്പെടുത്തുന്നതിനായി പുറപ്പെടുവിച്ച പ്രസ്തുത എസ്.ആർ.ഒ. സമിതി പരിശോധിക്കുകയും ടി എസ്.ആർ.ഒ.-യുടെ ഓപ്പറേറ്റീവ് പാർട്ട്, വിശദീകരണക്കുറിപ്പ് എന്നിവയിൽ ചേർത്തിട്ടുള്ള " ശ്രീമതി ബി. പ്രസന്നകുമാരിയെ ഡയറക്ടറായി നാമനിർദ്ദേശം ചെയ്ത് " എന്നത് "ശ്രീമതി ബി. പ്രസന്നകുമാരിയെ സർക്കാർ പ്രതിനിധിയായി നാമനിർദ്ദേശം ചെയ്ത് " എന്ന് തിരുത്തൽ വരുത്താൻ സമിതി നിർദ്ദേശിക്കുന്നു.

### സ്വീകരിച്ച നടപടി

2019 നവംബർ 18-ാം തീയതിയിലെ സ.ഉ. (അച്ചടി) 111/2019/തൊഴിൽ നമ്പർ പ്രകാരം കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് പുനഃസംഘടിപ്പിച്ചിട്ടുണ്ട് (എസ്.ആർ.ഒ. നമ്പർ 906/2019 - അനുബന്ധം II ).

## അദ്ധ്യായം III

### ശിപാർശ (ഖണ്ഡിക 4)

ഖണ്ഡിക 18(4)-ലെ " ......... അപേക്ഷാഫീസ് 25 രൂപ ആയിരിക്കുന്നതാണ് " എന്നത് "ഓരോ അപേക്ഷയ്ക്കും ഫീസ് 25 രൂപ ആയിരിക്കുന്നതാണ് " എന്ന് തിരുത്തൽ വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2019 നവംബർ 5-ാം തീയതിയിലെ സ.ഉ.(അച്ചടി)100/2019/തൊഴിൽ നമ്പർ വിജ്ഞാപന പ്രകാരം ഓരോ അപേക്ഷയ്ക്കും ഫീസ് 50 രൂപ ആയിരിക്കുന്നതാണ് എന്ന് ഭേദഗതി വരുത്തിയിട്ടുണ്ട് (എസ്.ആർ.ഒ. നമ്പർ 864/2019 - അനുബന്ധം I).

28-10-2020-ൽ ചേർന്ന സമിതിയോഗം സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് പരിഗണിക്കുകയും താഴെ പറയുംപ്രകാരം തുടർ ശിപാർശ നിർദ്ദേശിക്കുകയുമുണ്ടായി.

### തുടർ ശിപാർശ

ഖണ്ഡിക 18 (4)-ലെ " ......... അപേക്ഷാ ഫീസ് 25 രൂപ ആയിരിക്കുന്നതാണ് " എന്നത് "ഓരോ അപേക്ഷയ്ക്കും ഫീസ് 25 രൂപ ആയിരിക്കുന്നതാണ് " എന്ന് തിരുത്തൽ വരുത്താനാണ് സമിതി ശിപാർശ ചെയ്തിരുന്നത്. എന്നാൽ 25 രൂപയ്ക്ക് പകരമായി 50 രൂപ എന്ന് ഭേദഗതി വരുത്താനുണ്ടായ സാഹചര്യമെന്താണ് എന്നതിന്റെ വിശദാംശം സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

മുരളി പെരുനെല്ലി,
*അദ്ധ്യക്ഷൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2021 ജനുവരി 12.

അനുബന്ധം I

©
കേരള സർക്കാർ
Government of Kerala
2019

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY



| | | | | |
|---|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2019 നവംബർ 13<br>13th November 2019<br>1195 തുലാം 27<br>27th Thulam 1195<br>1941 കാർത്തികം 22<br>22nd Karthika 1941 | നമ്പർ<br>No. | 2761 |



കേരള സർക്കാർ

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

വിജ്ഞാപനം

സ.ഉ.സ.ഉ.(അച്ചടി)നം.100/2019/തൊഴിൽ — *തിരുവനന്തപുരം, 5 നവംബർ, 2019*

*19 തുലാം, 1195*

**എസ്. ആർ. ഒ. നമ്പർ 864/2019**

2008-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (2008-ലെ 17) 3-ാം വകുപ്പ് 6-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, 2009 ഫെബ്രുവരി 25-ാം തീയതിയിലെ ജി.ഒ.(പി) നം.25/2009/തൊഴിൽ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 2009 ഫെബ്രുവരി 25-ാം തീയതിയിലെ 448-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നം. 186/2009 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2009-ലെ ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി പദ്ധതി താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുന്നു, അതായത്:-

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## പദ്ധതി

1. *ചുരുക്കപ്പേരും പ്രാരംഭവും*:- (1) ഈ പദ്ധതിക്ക് 2019-ലെ ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) പദ്ധതി എന്ന് പേര് പറയാം.

(2). ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. പദ്ധതിയുടെ ഭേദഗതി:- 2009-ലെ ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ,-

(1) 3-ാം അദ്ധ്യായത്തിൽ, "അംഗത്വവും രജിസ്ട്രേഷനും" എന്ന ശീർഷകത്തിന് പകരം "തോട്ടം ഉടമകളുടെ രജിസ്ട്രേഷൻ "എന്ന ശീർഷകം ചേർക്കേണ്ടതാണ്;

(2) (എ) (3)-ാം അദ്ധ്യായത്തിലെ, നിലവിലുള്ള 14, 15, 16 ഖണ്ഡികകൾ 5-ാം അദ്ധ്യായത്തിലെ, യഥാക്രമം 23, 24, 25 ഖണ്ഡികകളായി പുനരക്കം ചെയ്യേണ്ടതും 3-ാം അദ്ധ്യായത്തിലെ നിലവിലുള്ള 17, 18 ഖണ്ഡികകൾ പ്രസ്തുത അദ്ധ്യായത്തിലെ, യഥാക്രമം 14, 15 ഖണ്ഡികകളായി പുനരക്കം ചെയ്യേണ്ടതുമാണ് ;

(ബി) അപ്രകാരം പുനരക്കം ചെയ്ത 14-ാം ഖണ്ഡികയിൽ "തൊഴിലുടമയുടെ രജിസ്ട്രേഷൻ" എന്ന മാർജിനൽ ശീർഷകത്തിനുപകരം "ചെറുകിട തോട്ടത്തിന്റെ രജിസ്ട്രേഷൻ" എന്ന മാർജിനൽ ശീർഷകം ചേർക്കേണ്ടതാണ്;

(സി) അപ്രകാരം പുനരക്കം ചെയ്ത 15-ാം ഖണ്ഡികയിൽ,

(i) (4)- ാം ഉപഖണ്ഡികയിൽ, "അപേക്ഷ ഫീസ് 25 രൂപ ആയിരിക്കുന്നതാണ്" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "ഓരോ അപേക്ഷയ്ക്കും ഫീസ് 50 (അൻപത്) രൂപ ആയിരിക്കുന്നതാണ്" എന്ന വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്;

(ii) (7)-ാം ഉപഖണ്ഡികയിലെ "രജിസ്റ്ററുകളിലും മറ്റ് റിക്കാർഡുകളിലും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തേണ്ടതുമാണ്" എന്ന വാക്കുകൾക്ക് പകരം "രജിസ്റ്ററുകളിലും മറ്റ് റിക്കാർഡുകളിലും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തേണ്ടതും രജിസ്ട്രേഷൻ റദ്ദു ചെയ്യുന്നതിനുള്ള അപേക്ഷ അനുവദിച്ചിട്ടുണ്ടോ ഇല്ലയോ എന്ന വിവരം അപേക്ഷകനെ 15 (പതിനഞ്ച്) ദിവസത്തിനുള്ളിൽ രേഖാമൂലം അറിയിക്കേണ്ടതുമാണ്" എന്ന വാക്കുകളും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അക്കങ്ങളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

(3) (എ) 4-ാം അദ്ധ്യായത്തിലെ നിലവിലുള്ള 19, 20, 21, 22, 23, 24, 25 ഖണ്ഡികകൾ 3-ാം അദ്ധ്യായത്തിലെ, യഥാക്രമം 16, 17, 18, 19, 20, 21, 22 ഖണ്ഡികകളായി പുനരക്കം ചെയ്യേണ്ടതാണ്;

(ബി) അപ്രകാരം പുനരക്കം ചെയ്ത 16-ാം ഖണ്ഡികയിലെ (4)-ാം ഉപഖണ്ഡികയ്ക്ക് പകരം താഴെപ്പറയുന്ന ഉപഖണ്ഡിക ചേർക്കേണ്ടതാണ്, അതായത്:-

"(4) സ്വയം തൊഴിൽ ചെയ്യുന്ന അംഗങ്ങൾക്കും ഒന്നിലധികം തൊഴിൽ ഉടമകൾ ഉള്ള അംഗങ്ങൾക്കും അവരുടെ അംശദായം (2)-ാം ഉപഖണ്ഡികയിൽ കാണിച്ച രീതിയിൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ പ്രാദേശിക ചെക്ക്/ഡി.ഡി. ആയോ പണം ആയോ അടയ്ക്കേണ്ടതും 5-ാം നമ്പർ ഫാറം സമർപ്പിച്ചിരിക്കേണ്ടതുമാണ്. എന്നാൽ സ്വയം തൊഴിൽ ചെയ്യുന്ന അംഗങ്ങൾക്കും ഒന്നിലധികം തൊഴിൽ ഉടമകൾ ഉള്ള അംഗങ്ങൾക്കും 6 മാസത്തെയോ ഒരു വർഷത്തെയോ അംശദായം ഒന്നിച്ച് മുൻകൂർ ആയി അടയ്ക്കാവുന്നതാണ് ".

(സി) (i) അപ്രകാരം പുനരക്കം ചെയ്ത 18-ാം ഖണ്ഡികയിൽ (1)-ാം ഉപഖണ്ഡികയിലെ "20- ഖണ്ഡിക" എന്ന അക്കങ്ങൾക്കും വാക്കിനും പകരം "17-ാം ഖണ്ഡിക" എന്ന വാക്കും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്;

(ii) 2-ാം ഉപഖണ്ഡികയിൽ 'അപ്പീൽ കിട്ടി പതിനഞ്ച് ദിവസത്തിനകം ജില്ലാ ലേബർ ഓഫീസർ അപ്പീലിന്മേൽ നടപടി ആരംഭിക്കേണ്ടതാണ്" എന്ന വാക്യത്തിന് പകരം "അപ്പീൽ കിട്ടി അറുപത് ദിവസത്തിനകം ജില്ലാ ലേബർ ഓഫീസർ അപ്പീൽ തീർപ്പാക്കേണ്ടതാണ്" എന്ന വാക്യവും ചേർക്കേണ്ടതാണ്;

(ഡി) അപ്രകാരം പുനരക്കം ചെയ്ത 20-ാം ഖണ്ഡികയിലെ, "ഖണ്ഡിക 19 (2), (3) ഉപഖണ്ഡികകളിൽ" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും ബ്രാക്കറ്റുകൾക്കും ചിഹ്നത്തിനും പകരം "ഖണ്ഡിക 16 (2), (3) ഉപഖണ്ഡികകളിൽ" എന്ന വാക്കുകളും അക്കങ്ങളും ബ്രാക്കറ്റുകളും ചിഹ്നവും ചേർക്കേണ്ടതാണ്.

(ഇ) അപ്രകാരം പുനരക്കം ചെയ്ത 21-ാം ഖണ്ഡികയിൽ "23-ാം ഖണ്ഡിക" എന്ന അക്കങ്ങൾക്കും വാക്കിനും പകരം "20-ാം ഖണ്ഡിക" എന്ന അക്കങ്ങളും വാക്കും ചേർക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(4) 5-ാം അദ്ധ്യായത്തിൽ ,-

(എ) "രജിസ്ട്രേഷനും റിക്കാർഡുകളുടെ സൂക്ഷിപ്പും" എന്ന ശീർഷകത്തിനു പകരം "ക്ഷേമനിധിയിലെ തൊഴിലാളികളുടെ അംഗത്വം" എന്ന ശീർഷകം ചേർക്കേണ്ടതാണ്;

(ബി) അപ്രകാരം പുനരക്കം ചെയ്ത 25-ാം ഖണ്ഡിയിൽ,

(i) "15-ാം ഖണ്ഡിക (3)-ാം ഉപഖണ്ഡിക" എന്ന അക്കങ്ങൾക്കും ബ്രാക്കറ്റുകൾക്കും വാക്കുകൾക്കും പകരം "24-ാം ഖണ്ഡിക (3)-ാം ഉപഖണ്ഡിക" എന്ന അക്കങ്ങളും ബ്രാക്കറ്റുകളും വാക്കുകളും ചേർക്കേണ്ടതാണ്;

(ii) പ്രസ്തുത ഉപഖണ്ഡികയിൽ, "അപ്പീലിൽ കഴിയും വേഗം തീർപ്പു കൽപ്പിക്കേണ്ടതും" എന്ന വാക്കുകൾക്കും പകരം"അപ്പീലിൽ മുപ്പത് ദിവസത്തിനകം തീർപ്പുകൽപ്പിക്കേണ്ടതും' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) ക്ലിപ്ത നിബന്ധനയ്ക്കു പകരം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:-

"എന്നാൽ ബോർഡിന് സ്വമേധയായോ ബന്ധപ്പെട്ടവരുടെ ഹർജിയുടെ അടിസ്ഥാനത്തിലോ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഉത്തരവ് പുന:പരിശോധിക്കാവുന്നതും അപ്രകാരം പുന:പരിശോധിക്കുന്ന പക്ഷം ആയതു സംബന്ധിച്ച് തൊട്ടടുത്ത ബോർഡ് യോഗത്തിൽ തന്നെ തീരുമാനമെടുക്കേണ്ടതുമാണ്.";

(സി) 29-ാം ഖണ്ഡികയിൽ (1)-ാം ഉപഖണ്ഡികയിലെ "ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അപേക്ഷയിന്മേൽ 90 ദിവസത്തിനകം തീരുമാനം എടുക്കേണ്ടതും അപേക്ഷകനെ അറിയിക്കേണ്ടതുമാണ്" എന്ന വാക്യങ്ങൾക്കും അക്കങ്ങൾക്കും പകരം " ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ, അപേക്ഷ കിട്ടി തൊണ്ണൂറ് ദിവസത്തിനകം അപേക്ഷയിന്മേലുള്ള തീരുമാനം അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതാണ്" എന്ന വാക്യം ചേർക്കേണ്ടതാണ്;

(5) 33-ാം ഖണ്ഡികയിലെ (1) -ാം ഉപഖണ്ഡിയ്ക്കു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡിക ചേർക്കേണ്ടതാണ്, അതായത്:-

"(2) 60 വയസ്സ് പൂർത്തിയായി പെൻഷന് അർഹനാകുന്ന ഒരു അംഗം ജോലിയിൽ നിന്ന് വിരമിച്ച് മൂന്ന് മാസത്തിനകം പെൻഷനുള്ള അപേക്ഷ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സമർപ്പിക്കേണ്ടതാണ്:

എന്നാൽ, കാലതാമസത്തിന് മതിയായ കാരണമുണ്ടെന്ന് പെൻഷൻ അനുവദിക്കുന്ന അധികാരിക്ക് ബോദ്ധ്യപ്പെടുന്നപക്ഷം, മൂന്ന് മാസത്തിന് ശേഷം സമർപ്പിക്കുന്ന അപേക്ഷയും സ്വീകരിക്കാവുന്നതാണ്.";

(6) 34-ാം ഖണ്ഡികയിലെ (3)-ാം ഉപഖണ്ഡിക വിട്ടുകളയേണ്ടതാണ്;

(7) 38-ാം ഖണ്ഡികയിൽ, (2)-ാം ഉപഖണ്ഡികയിൽ,-

(എ) "കാലതാമസം കൂടാതെ", എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(ബി) "അപേക്ഷ സ്വീകരിച്ച്" എന്ന വാക്കുകൾക്ക് ശേഷം "തൊണ്ണൂറു ദിവസത്തിനകം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(8) 40-ാം ഖണ്ഡികയിലെ (1)-ാം ഉപഖണ്ഡികയിൽ "മൂന്നു വർഷമെങ്കിലും" എന്ന വാക്കുകൾക്കു പകരം "രണ്ട് വർഷമെങ്കിലും" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(9) 41-ാം ഖണ്ഡികയിൽ (1)-ാം ഉപഖണ്ഡികയിലെ "മൂന്നു വർഷമെങ്കിലും" എന്ന വാക്കുകൾക്കു പകരം "രണ്ടു വർഷമെങ്കിലും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(10) 43-ാം ഖണ്ഡികയിൽ,-

(എ) "മരണാനന്തര ധനസഹായം" എന്ന മാർജിനൽ ശീർഷകത്തിന് പകരം "ആശ്രിത ധനസഹായം" എന്ന മാർജിനൽ ശീർഷകം ചേർക്കേണ്ടതാണ്;

(ബി) (1)-ാം ഉപഖണ്ഡികയിലെ "മരണാനന്തര ധനസഹായം" എന്ന വാക്കുകൾക്ക് പകരം "ആശ്രിത ധനസഹായം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(11) 45-ാം ഖണ്ഡികയിലെ (3)-ാം ഉപഖണ്ഡികയിൽ താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:-

"എന്നാൽ ആശ്രിത ധനസഹായത്തിന് അവകാശപ്പെട്ട വിഭാഗത്തിൽ ഒന്നിൽ കൂടുതൽ പേർ ഉണ്ടെങ്കിൽ അപേക്ഷയോടൊപ്പം മറ്റ് അവകാശികളുടെ സമ്മതപത്രം കൂടി ഹാജരാക്കേണ്ടതാണ്.";

(12) 49-ാം ഖണ്ഡികയിൽ, മാർജിനൽ ശീർഷകത്തിനു ശേഷം "കേന്ദ്ര സർക്കാരിന്റെയോ" എന്ന വാക്കുകൾക്ക് മുൻപായി "(1)" എന്ന അക്കവും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്;

(13) 50-ാം ഖണ്ഡികയിലെ (4)-ാം ഉപഖണ്ഡികയിൽ"ജൂലൈ 31-ാം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തീയതിയ്ക്കകമോ സർക്കാർ നിശ്ചയിക്കുന്ന മറ്റേതെങ്കിലും തീയതിയ്ക്കകമോ," എന്ന വാക്കുകൾക്കും അക്കങ്ങൾക്കും ചിഹ്നങ്ങൾക്കും പകരം "ജൂലൈ 31-ാം തീയതിയ്ക്കകം" എന്ന വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്;

(14) 54-ാം ഖണ്ഡികയിൽ, (2)-ാം ഉപഖണ്ഡിയ്ക്കു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡിക ചേർക്കേണ്ടതാണ്, അതായത്:-

"(3) (1)-ാം ഉപഖണ്ഡിക പ്രകാരം നിധിയുടെ കണക്കുകൾ ഓഡിറ്റ് ചെയ്ത് ന്യൂനതകൾ പരിഹരിച്ച് അത് രേഖപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് സഹിതം ഓഡിറ്റ് റിപ്പോർട്ട് നിയമസഭയുടെ അടുത്ത സമ്മേളനത്തിൽ സർക്കാർ സമർപ്പിക്കേണ്ടതാണ്.";

(15) ഫാറങ്ങളിൽ.-

(എ) ഫാറം 1-ൽ "തൊഴിലുടമയുടെ രജിസ്ട്രേഷനുള്ള അപേക്ഷ" എന്ന ശീർഷകത്തിനു പകരം "ചെറുകിട തോട്ടം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ" എന്ന ശീർഷകം ചേർക്കേണ്ടതും അതിന് ചുവടെ "[ഖണ്ഡിക 17(1) കാണുക]" എന്നതിന് പകരം "[ഖണ്ഡിക 14(1) കാണുക]" എന്നും ചേർക്കേണ്ടതാണ് ;

(ബി) ഫാറം 2-ൽ "തൊഴിലുടമയ്ക്കുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്" എന്ന ശീർഷകത്തിനു പകരം "ചെറുകിട തോട്ടത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്" എന്ന ശീർഷകവും അതിന് ചുവടെ "[പദ്ധതി ഖണ്ഡിക 18(1) കാണുക]" എന്നതിന് പകരം "[പദ്ധതി ഖണ്ഡിക 15(1) കാണുക]" എന്നും ചേർക്കേണ്ടതാണ്;

(സി) ഫാറം 3-ൽ,-

(i) "ചെറുകിട തോട്ടത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ ഭേദഗതി വരുത്തുവാനുള്ള അപേക്ഷ" എന്ന ശീർഷകത്തിനു പകരം "ചെറുകിട തോട്ടത്തിന്റെ/ചെറുകിട തോട്ടം തൊഴിലുടമയുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ ഭേദഗതികൾ വരുത്തുന്നതിനുള്ള അപേക്ഷ" എന്ന ശീർഷകം ചേർക്കേണ്ടതും അതിനു ചുവടെ "[ഖണ്ഡിക 18(1) കാണുക]" എന്നതിന് പകരം "[ഖണ്ഡിക 15(1) കാണുക]" എന്നും ചേർക്കേണ്ടതാണ് ;

(ii) ക്രമനമ്പർ 8-ൽ "ഭേദഗതി" എന്ന വാക്കിനു പകരം "ഭേദഗതികൾ" എന്ന വാക്കും ചേർക്കേണ്ടതാണ്;

(ഡി) ഫാറം 4-ൽ, ശീർഷകത്തിന് ചുവടെ "[പദ്ധതി ഖണ്ഡിക 19(3)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കാണുക]" എന്നതിന് പകരം "[പദ്ധതി ഖണ്ഡിക 16(3) കാണുക]" എന്ന് ചേർക്കേണ്ടതാണ്.

(ഇ) ഫാറം 5- ൽ

(i)"സ്വയം തൊഴിൽ ചെയ്യുന്നവർ അംശദായം അടച്ചതു സംബന്ധിച്ച സ്റ്റേറ്റ്മെന്റ്" എന്ന ശീർഷകത്തിന് പകരം "സ്വയം തൊഴിൽ ചെയ്യുന്നവർ/ഒന്നിലധികം തൊഴിലുടമകളുടെ കീഴിൽ തൊഴിൽ ചെയ്യുന്നവർ അംശദായം അടച്ച തുക സംബന്ധിച്ച സ്റ്റേറ്റ്മെന്റ്" എന്നും അതിന് ചുവടെ "[പദ്ധതി ഖണ്ഡിക 19(4) കാണുക]" എന്നതിന് പകരം "[പദ്ധതി ഖണ്ഡിക 16(4) കാണുക]" എന്നും ചേർക്കേണ്ടതാണ്.

(ii) ക്രമ നമ്പർ 1-ന് കാഴിലുള്ള ഇനം (സി) യിൽ "ജോലി ചെയ്യുന്ന സ്വന്തം തോട്ടത്തിന്റെ" എന്ന വാക്കുകൾക്ക് പകരം "ജോലി ചെയ്യുന്ന സ്വന്തം തോട്ടം/ തൊഴിലുടമകളുടെ തോട്ടങ്ങൾ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(എഫ്) ഫാറം 17-ൽ,-

(1) ക്രമ നമ്പർ 12-ൽ,-

(i) "ഗർഭം അലസൽ സംഭവിച്ച്" എന്ന വാക്കുകൾക്ക് ശേഷം "തീയതി" എന്ന വാക്ക് ചേർക്കേണ്ടതാണ് ;

(ii) (1), (2), (3) എന്നീ ഇനങ്ങളും അവക്കെതിരെയുള്ള ഉൾക്കുറിപ്പുകളും വിട്ടുകളയേണ്ടതാണ്;

(2) "സത്യപ്രസ്താവന" എന്ന ഉപശീർഷകത്തിനു താഴെ "അപേക്ഷകന്റെ ഒപ്പ്/. വിരലടയാളം" എന്ന വാക്കുകൾക്കും ചിഹ്നത്തിനും പകരം "അപേക്ഷകയുടെ ഒപ്പ്/വിരലടയാളം" എന്ന വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്;

(3)"ഓഫീസ് ഉപയോഗത്തിന്" എന്ന ഉപശീർഷകത്തിനു താഴെ, "അപേക്ഷകന്" എന്ന വാക്കിനു പകരം "അപേക്ഷകയ്ക്ക്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം,

സത്യജിത് രാജൻ
ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാക്കുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2009 ഫെബ്രുവരി 25-ാം തീയതിയിലെ സ.ഉ.(അച്ചടി)നം.25/2009/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 2009 ഫെബ്രുവരി 25-ാം തീയതിയിലെ 448-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ.186/2009-ാം നമ്പർ ആയി പ്രസിദ്ധീകരിച്ചതുമായ ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി പദ്ധതി 13-ാം കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2014-16) സൂക്ഷ്മപരിശോധന നടത്തുകയും അതിന്റെ 30-ാമത് റിപ്പോർട്ടിൽ നൽകിയ ശിപാർശകൾ സർക്കാർ അംഗീകരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സമിതി ശിപാർശകൾ പ്രകാരം പദ്ധതിയിൽ ഭേദഗതികൾ വരുത്തുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

---

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2019

Digitally signed by SHEELA
Date:2019.11.13 02:49:36

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

©
കേരള സർക്കാർ
Government of Kerala
2019

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2019 നവംബർ 19<br>19th November 2019<br>1195 വൃശ്ചികം 3<br>3rd Vrischikam 1195<br>1941 കാർത്തികം 28<br>28th Karthika 1941 | നമ്പർ<br>No. | 2832 |

കേരള സർക്കാർ

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

വിജ്ഞാപനം

സ.ഉ.(അച്ചടി)നം.111/2019/തൊഴിൽ

*തിരുവനന്തപുരം, 18 നവംബർ, 2019*

എസ്. ആർ. ഒ. നമ്പർ 906/2019

2 വൃശ്ചികം, 1195

2008-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (2008–ലെ 17) 6-ാം വകുപ്പ് (1), (3), (5) എന്നീ ഉപവകുപ്പുകൾ പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ, 2009 മേയ് 20-ാം തീയതിയിലെ ജി.ഒ. (എം.എസ്) 64/2009/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2009 മേയ് 25-ാം തീയതിയിലെ 926-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ. 409/2009 ആയി പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനപ്രകാരം കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിച്ചതിനാലും;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

137/21

കേരള സർക്കാർ, 2016 ഒക്ടോബർ 4-ാം തീയതിയിലെ സ.ഉ.(അച്ചടി) 157/2016/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2016 ഒക്ടോബർ 6-ാം തീയതിയിലെ 1715-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ.നമ്പർ 624/2016 ആയി പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനപ്രകാരം പുന:സംഘടിപ്പിച്ച കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിലെ അനൗദ്യോഗിക അംഗങ്ങളുടെ കാലാവധി നിയമാനുസൃതം അവസാനിച്ചതിനാലും;

ഇപ്പോൾ, അതിനാൽ, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ആക്റ്റിന്റെ 6-ാം വകുപ്പ് (3)-ഉം (5)-ഉം ഉപവകുപ്പുകൾ പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, കേരള സർക്കാർ, താഴെ പട്ടികയിൽ ചേർത്തിരിക്കുന്ന ആളുകളെ ബോർഡിന്റെ ഡയറക്ടർമാരായി നാമനിർദ്ദേശം ചെയ്തുകൊണ്ട് ഇതിനാൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നു, അതായത് :-

<u>പട്ടിക</u>

I. തൊഴിലാളി പ്രതിനിധികൾ

1. ശ്രീ. പി. എസ്. രാജൻ (സി.ഐ.റ്റി.യു.),
പരുത്തപ്പാറ വീട്,
അയ്യപ്പൻകോവിൽ പി.ഒ.,
ഇടുക്കി.

2. ശ്രീ. ടി. വിശ്വനാഥൻ (സി.ഐ.റ്റി.യു.),
തവനൂർ വീട്, അള്ളി പി. ഒ., മുക്കം,
കോഴിക്കോട് - 673 602.

3. ശ്രീ.എം.വി. വിദ്യാധരൻ (എ.ഐ.റ്റി.യു.സി.),
സി. പി. ഐ ഓഫിസ്, കണ്ണങ്കര,
പത്തനംതിട്ട – 689 645.

4. ശ്രീ. കെ.ടി.സി മുഹമ്മദ് (എസ്.റ്റി.യു.),
കറുത്താർതൊടിക വീട്,
ഉദയംപൊയിൽ, അമ്പലക്കടവ് പി.ഒ.,
കാളികാവ്- 676 525.

5. ശ്രീ. മലയാലപ്പുഴ ജ്യോതിഷ് കുമാർ (ഐ.എൻ.റ്റി.യു.സി.),
കൂട്ടുകാരൻസ് വില്ല,
താഴം പി.ഒ., പത്തനംതിട്ട.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## II. തൊഴിലുടമാ പ്രതിനിധികൾ

1. ശ്രീ. എം. എം. ലംബോധരൻ,
   മുണ്ടയ്ക്കൽ, പൊട്ടൻകാട് പി.ഒ.,
   ഇരുപതേക്കർ, ഇടുക്കി.

2. ശ്രീ. അനിൽ മത്തായി,
   ഈറ്റത്തോട്ട് മാളിയേക്കൽ,
   പൂവണി പി.ഒ., പാലാ.

3. ശ്രീ. ജേക്കബ് ജോർജ്,
   മുണ്ടുപാലത്തിങ്കൽ,
   താളുങ്കൽ പി.ഒ.,
   ഇടുക്കി.

4. ശ്രീ. ടി.എം. ജോഷി,
   തുളുവാനാണിക്കൽ,
   ചന്ദനക്കാമ്പാറ പി.ഒ.,
   ശ്രീകണ്ഠാപുരം, കണ്ണൂർ-670 633

5. ശ്രീ. ബിനു കെ. മാത്യു,
   അസിസ്റ്റന്റ് ഡയറക്ടർ (ലേബർ മാനേജ്മെന്റ്),
   റബ്ബർ ബോർഡ്, പി.ബി. നമ്പർ 1122,
   സബ് ജയിൽ റോഡ്, കോട്ടയം-686 002

## III. സർക്കാർ പ്രതിനിധികൾ

1. ശ്രീ. കെ. ശ്രീലാൽ,
   അഡീഷണൽ ലേബർ കമ്മീഷണർ (എൻഫോഴ്സ്മെന്റ്),
   തൊഴിൽ ഭവൻ,
   തിരുവനന്തപുരം.

2. ശ്രീമതി. എൻ. കെ. ചന്ദ്ര,
   ഡെപ്യൂട്ടി സെക്രട്ടറി,
   തൊഴിലും നൈപുണ്യവും വകുപ്പ്,
   ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

3. ശ്രീ. സുരേഷ് ബാബു. ആർ,
   ഡെപ്യൂട്ടി സെക്രട്ടറി,
   നിയമ വകുപ്പ്,
   ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

4. ശ്രീ. ഗിരീഷ് പറക്കാടൻ,
ഡെപ്യൂട്ടി സെക്രട്ടറി,
ധനകാര്യ വകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

5. ശ്രീ. ആർ. പ്രമോദ്,
ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ്,
കോട്ടയം.

പ്രസ്തുത ആക്റ്റിലെ 6-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം ബോർഡിന്റെ ഒരു ഡയറക്ടറായ ശ്രീ.പി.എസ്. രാജൻ (സി.ഐ.റ്റി.യു.), പരുത്തപ്പാറ വീട്, അയ്യപ്പൻകോവിൽ പി.ഒ., ഇടുക്കി എന്നയാളെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ചെയർപേഴ്സണായി ഇതിനാൽ നിയമിക്കുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം,
**സത്യജിത് രാജൻ**
**ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.**

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

കേരള സർക്കാർ, 2016 ഒക്ടോബർ 4-ാം തീയതിയിലെ സ.ഉ.(അച്ചടി) 157/2016/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2016 ഒക്ടോബർ 6-ാം തീയതിയിലെ 1715-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 624/2016 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനപ്രകാരം കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് പുനഃസംഘടിപ്പിച്ചിരുന്നു. പ്രസ്തുത ബോർഡിലെ അനൗദ്യോഗിക അംഗങ്ങളുടെ കാലാവധി നിയമാനുസൃതം അവസാനിച്ചതിനാൽ പ്രസ്തുത ബോർഡിലേയ്ക്ക് ഡയറക്ടർമാരെ പുതുതായി നാമനിർദ്ദേശം ചെയ്യുന്നതിനും ഡയറക്ടർമാരിൽ ഒരാളെ ചെയർപേഴ്സണായി നിയമിക്കുന്നതിനും സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2019

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by SHEELA
Date:2019.11.19 08:30:53 +

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.